പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3193 15.12.2015 ലെ മറുപടിയ്ക്ക്

**പൊതുമരാമത്ത് വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.വി.റ്റി. ബൽറാം<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ. മുരളീധരൻ | ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്താൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) പൊതുമരാമത്ത് വകുപ്പിൽ 10.01.2012 തീയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 6/2012/PWD പ്രകാരം ഇ-പേയ്മെന്റ് നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. ഇതിനെ തുടർന്ന് 15.02.2012 തീയതിയിലെ സർക്കാർ സർക്കുലർ നം.28609/H3/2010/PWD പ്രകാരം വിശദമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ-ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) പ്രസ്തുത സംവിധാനം മുഖേന പൊതുമരാമത്ത് വകുപ്പിലെ കരാറുകാരുടെയും മറ്റും പണമിടപാടുകൾ സുതാര്യമാക്കുന്നതിനും കരാറുകാർ ഓഫീസുകളിൽ കയറിയിറങ്ങുന്ന രീതി നിർത്തലാക്കുന്നതിനും സാധിക്കും. കരാറുകാർക്ക് പൊതുമരാമത്ത് വകുപ്പിൽ നിന്നും കിട്ടേണ്ടതായ തുക, അവരുടെ അക്കൗണ്ടിൽ നേരിട്ട് സുതാര്യവും സുരക്ഷിതവുമായി, താരതമ്യേന എളുപ്പത്തിലും ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം . പണമിടപാടുകൾ വേഗത്തിലും മികവുറ്റ രീതിയിലും നടത്തുന്നതിനും അഴിമതി ഇല്ലാതാക്കുന്നതിനും ഇ-പേയ്മെന്റ് സംവിധാനം മുഖേന പൊതുമരാമത്ത് വകുപ്പിലെ കരാറുകാർക്ക് അവർ ചെയ്യുന്ന പ്രവൃത്തികളുടെ തുക നേരിട്ട് അവരുടെ അക്കൗണ്ടിലേക്ക് ലഭ്യമാക്കാൻ സാധിക്കും |
| (സി) പദ്ധതി നടപ്പാക്കാൻ ഭരണ-തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) പൊതുമരാമത്ത് വകുപ്പ്, ധനകാര്യ വകുപ്പ്, ഐ.റ്റി.വകുപ്പ്, എൻ.ഐ.സി, എസ്.ബി.ഐ, എസ്.ബി.റ്റി തുടങ്ങിയവയാണ് ഈ സംവിധാനവുമായി സഹകരിക്കുന്നത്.ബിൽ ഡിസ്കൗണ്ട് സമ്പ്രദായം വഴിയുള്ള പേയ്മെന്റ് പൂർണ്ണമായും ഇ-പെയ്മെന്റ് വഴിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ